**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5124** **20-07-2022 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ മണ്ഡലത്തിൽ നടപ്പാക്കുന്ന പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | മ്യൂസിയം, പുരാരേഖ, പുരാവസ്തു വകുപ്പുകളുടെ കീഴിൽ കണ്ണൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കി വരുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | മ്യൂസിയം വകുപ്പിന് കിഴിൽ കണ്ണൂർ നിയോജക മണ്ഡലത്തിൽ പയ്യാമ്പലം ടൗണിൽ സ്ഥിതിചെയ്യുന്ന കേരള സംസ്ഥാന ഹാന്റ് ലൂം ഡെവലപ്മെന്റ് കോർപ്പറേഷന്റെ 200 വർഷം പഴക്കമുള്ള പഴയ ആസ്ഥാന മന്ദിരത്തിൽ കൈത്തറി മ്യൂസിയം ആരംഭിക്കുന്നതിനുള്ള 2.12 കോടി രൂപയുടെ പ്രൊജക്ടിന് അംഗീകാരം നൽകിയിട്ടുണ്ട്. M/s. കേരള മ്യൂസിയം മുഖേന പ്രദർശന സംവിധാനം സജ്ജീകരിക്കുന്ന പ്രവൃത്തികൾ ആരംഭിക്കുകയും 90% പ്രവർത്തികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 2022 ഡിസംബർ മാസം അവസാനത്തോടെ ഉദ്ഘാടനം നടത്തി പൊതുജനങ്ങൾക്ക് സമർപ്പിക്കുവാൻ സാധിക്കുന്നതാണ്.<br><br>പുരാരേഖാ വകുപ്പിന് കീഴിൽ കണ്ണൂർ സെന്റ് ജോൺസ് ആംഗ്ലിക്കൻ ചർച്ചിലെ പുരാരേഖകളുടെ സംരക്ഷണം ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുണ്ട്.<br><br>കണ്ണൂർ നിയോജക മണ്ഡലത്തിൽപ്പെടുന്ന അറയ്ക്കൽ മ്യൂസിയത്തിന്റെ സംരക്ഷണ പ്രവൃത്തികൾ പുരാവസ്തു വകുപ്പ് ഏറ്റെടുത്ത് നടത്തി വരുന്നു. 2022 നവംബർ അവസാനവാരത്തോടുകൂടി ഈ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു. കണ്ണൂർ മണ്ഡലത്തിൽപ്പെട്ട പയ്യാമ്പലത്ത് മുരിക്കഞ്ചേരി കേളുവിന് സ്മാരകം പണിയുന്ന പ്രവൃത്തി, മ്യൂസിയം നോഡൽ ഏജൻസിയായ കേരളം മ്യൂസിയം വഴി നടപ്പിലാക്കാനാണ് തീരുമാനിച്ചിരുന്നത്. എന്നാൽ ഈ പ്രൊജക്ടിന്റെ നിർമ്മാണ പ്രവൃത്തികൾ കേരള മ്യൂസിയം വഴി നടപ്പാക്കാതെ ഒരു Non-PMC ഏജൻസി മുഖേന നടത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. അതനുസരിച്ചുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ പുരാവസ്തു ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ? | (ബി) | മ്യൂസിയം വകുപ്പിന് കിഴിൽ കണ്ണൂർ നിയോജക മണ്ഡലത്തിൽ പയ്യാമ്പലം ടൗണിൽ സ്ഥിതിചെയ്യുന്ന കേരള സംസ്ഥാന ഹാന്റ് ലൂം ഡെവലപ്മെന്റ് കോർപ്പറേഷന്റെ 200 വർഷം പഴക്കമുള്ള പഴയ ആസ്ഥാന മന്ദിരത്തിൽ കൈത്തറി മ്യൂസിയം ആരംഭിക്കുന്നതിനുള്ള 2.12 കോടി രൂപയുടെ പ്രൊജക്ടിന് അംഗീകാരം നൽകിയിട്ടുണ്ട്. M/s. കേരള മ്യൂസിയം മുഖേന പ്രദർശന സംവിധാനം സജ്ജീകരിക്കുന്ന പ്രവൃത്തികൾ ആരംഭിക്കുകയും 90% പ്രവർത്തികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 2022 ഡിസംബർ മാസം അവസാനത്തോടെ ഉദ്ഘാടനം നടത്തി പൊതുജനങ്ങൾക്ക് സമർപ്പിക്കുവാൻ സാധിക്കുന്നതാണ്.<br><br>പുരാരേഖാ വകുപ്പിന് കീഴിൽ കണ്ണൂർ സെന്റ് ജോൺസ് ആംഗ്ലിക്കൻ ചർച്ചിലെ പുരാരേഖകളുടെ സംരക്ഷണം ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുണ്ട്.<br><br>കണ്ണൂർ നിയോജക മണ്ഡലത്തിൽപ്പെടുന്ന അറയ്ക്കൽ മ്യൂസിയത്തിന്റെ സംരക്ഷണ പ്രവൃത്തികൾ പുരാവസ്തു വകുപ്പ് ഏറ്റെടുത്ത് നടത്തി വരുന്നു. 2022 നവംബർ അവസാനവാരത്തോടുകൂടി ഈ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു. കണ്ണൂർ മണ്ഡലത്തിൽപ്പെട്ട പയ്യാമ്പലത്ത് മുരിക്കഞ്ചേരി കേളുവിന് സ്മാരകം പണിയുന്ന പ്രവൃത്തി, മ്യൂസിയം നോഡൽ ഏജൻസിയായ കേരളം മ്യൂസിയം വഴി നടപ്പിലാക്കാനാണ് തീരുമാനിച്ചിരുന്നത്. എന്നാൽ ഈ പ്രൊജക്ടിന്റെ നിർമ്മാണ പ്രവൃത്തികൾ കേരള മ്യൂസിയം വഴി നടപ്പാക്കാതെ ഒരു Non-PMC ഏജൻസി മുഖേന നടത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. അതനുസരിച്ചുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ പുരാവസ്തു ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ